ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നമ്പർ. ഇ8/10092/13/സിഇ/തസ്വഭവ. തീയതി : 24.09.2013

## *സർക്കുലർ (അടിയന്തിരം)*

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014) യുടെ ശുപാർശ നടപടി റിപ്പോർട്ട് ആവശ്യപ്പെടുന്നത് - സംബന്ധിച്ച്

സൂചന:- സർക്കാർ കത്ത് 36411/ഇഡബ്ല്യൂ-1/13/തസ്വഭവ

സൂചന കത്ത് പ്രകാരം സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014) യുടെ ശുപാർശ നടപടി റിപ്പോർട്ട് തയ്യാറാക്കി ഡേറ്റബേസ് ചെയ്യുന്നതിലേക്കായി എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും അവരവരുടെ കീഴിലുള്ള ബ്ലോക്കു പഞ്ചായത്തുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എഞ്ചിനീയർമാരും PAU, KSRRDA എന്നിവരും സൂപ്രണ്ടിംഗ് എഞ്ചിനീയർ സൗത്ത് സർക്കിൾ/ നോർത്ത് സർക്കിൾ എന്നിവരും നേരിട്ടും ഇതോടൊപ്പം തന്നിട്ടുള്ള പെർഫോർമായിൽ ജീവനക്കാരുടെ വിവരങ്ങൾ തയ്യാറാക്കി 03.10.2013 തീയതിക്കു മുമ്പായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഉള്ളടക്കം : 1) സർക്കാർ കത്ത് തീയതി 10.09.2013
2) പെർഫോർമ

ചീഫ് എഞ്ചിനീയർ

# PROFORMA

## INCUMBENCY DETAILS OF THE EMPLOYEES

| Sl.No | Name of Incumbent | Post held | Date of Birth | Date of entry in service | Date of Retirement | Caste SC/ST or Other category | P.H Percentage of Disability | Remarks |
|---|---|---|---|---|---|---|---|---|

Certified that the details furnish be me in the proforma is correct

Head of Office

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

നിയമസഭാ സമിതി
അടിയന്തിരം

'ഭരണ ഭാഷ - മാതൃഭാഷ'

GOVERNMENT OF KERALA

നം. 36411/ഇ.ഡബ്ല്യു.1/13/തസ്വഭവ.

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യു) വകുപ്പ്,
തിരുവനന്തപുരം, തീയ്യതി, 10-09-2013.

ഗവൺമെന്റ് സെക്രട്ടറി.

10092/2019

ചീഫ് എഞ്ചിനീയർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:- തസ്വഭവ-സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014) യുടെ ശുപാർശ - നടപടി റിപ്പോർട്ട് ആവശ്യപ്പെടുന്നത് - സംബന്ധിച്ച്.

സൂചന:- സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014)-യുടെ 16-ാം നമ്പർ ശുപാർശ

സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014)-യുടെ നാലാമത് റിപ്പോർട്ടിലെ 16-ാം നമ്പർ ശുപാർശയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത ശുപാർശക്കുമേൽ സ്വീകരിച്ച നടപടികളെക്കുറിച്ച് (Action Taken Report) താങ്കളുടെ വിശദമായ റിപ്പോർട്ട് ഒരാഴ്ചക്കുള്ളിൽ സർക്കാരിൽ സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിമയസഭാസമിതിക്ക് റിപ്പോർട്ട് നൽകാനുള്ളതിനാൽ ഇക്കാര്യത്തിൽ അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
**സെൽവരാജൻ. എൽ,**
**അണ്ടർ സെക്രട്ടറി.**
ഗവ. സെക്രട്ടറിക്കു വേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

ഉള്ളടക്കം:- സൂചനയിൽ പറഞ്ഞ ശുപാർശയുടെ പകർപ്പ്.

15) റിസർവേഷൻ വേക്കൻസികൾ കണ്ടെത്തിക്കഴിഞ്ഞാൽ അത് പി.എസ്.സിയുടെ ജില്ലാ ഓഫീസുകളിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് വീണ്ടും കാലതാമസമുണ്ടാകുന്നതിന് കാരണമാകുമെന്ന് തെളിവെടുപ്പിൽ വ്യക്തമാകുകയുണ്ടായി. ആകയാൽ റിസർവേഷൻ വേക്കൻസികൾ സംബന്ധിച്ച വിവരം കാലതാമസം ഒഴിവാക്കുന്നതിനായി പി.എസ്.സിയുടെ ഹെഡ് ക്വാർട്ടേഴ്സിലേക്ക് നേരിട്ട് റിപ്പോർട്ട് ചെയ്യണമെന്ന ഡയറക്ഷൻ സാമൂഹ്യക്ഷേമവകുപ്പ് പുറപ്പെടുവിക്കേണ്ടതാണ്.

16) വികലാംഗർക്കും, എസ്.സി/എസ്.ടി വിഭാഗത്തിനും ഓരോ വകുപ്പിലും അർഹമായി വരുന്ന സംവരണ തസ്തികകൾ പെട്ടെന്ന് കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിൽ നിലവിലുള്ള സംവിധാനത്തിൽ പോരായ്മകൾ ഉണ്ടെന്നും അതിനു പരിഹാരമായി ഓരോ വകുപ്പിലും ഉള്ള മുഴുവൻ ജീവനക്കാരുടേയും ഡേറ്റാ ബേസ് തയ്യാറാക്കി കമ്പ്യൂട്ടർ പ്ളാറ്റ്ഫോമിൽ കൊണ്ടുവരേണ്ടതാണെന്നും ഇപ്പോൾ സർക്കാർ വകുപ്പുകളിൽ നടപ്പിലാക്കിയിട്ടുള്ള സ്പാർക്ക് സംവിധാനം അത്തരത്തിലുള്ളതാണെന്നും ആരോഗ്യവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഓരോ വകുപ്പിലേയും ജീവനക്കാരെ സംബന്ധിച്ച ഡേറ്റാ ബേസ് ലഭ്യമല്ലാതിരുന്നതിനാലാണ് ചീഫ് സെക്രട്ടറി നേരിട്ട് റിവ്യൂ നടത്തിയിട്ടും വകുപ്പു സെക്രട്ടറിമാർക്ക് അവരവരുടെ വകുപ്പിലെ ബാക്ക് ലോഗ് ഒഴിവുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യാൻ കഴിയാതിരുന്നതെന്ന് സമിതി വിലയിരുത്തുന്നു. ഓരോ വർഷവും ജീവനക്കാരെ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ശേഖരിക്കുകയും അത് അപ്ഡേറ്റ് ചെയ്യുകയും ചെയ്താൽ വികലാംഗ സംവരണം മാത്രമല്ല പി.എസ്.സി നിയമനങ്ങളുമായി ബന്ധപ്പെട്ട് എല്ലാത്തരം സംവരണ തസ്തികകളിലെയും ഒഴിവുകൾ സമയബന്ധിതമായി കണ്ടെത്തി റിപ്പോർട്ട് ചെയ്യുവാനും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടിക്രമം തന്നെ ഒഴിവാക്കാനും കഴിയും. ആകയാൽ ഓരോ ഡിപ്പാർട്ട്മെന്റിലും ഓരോ

തസ്തികകളിലും എത്ര ജീവനക്കാർ വീതം ഉണ്ടെന്നും അതിൽ എത്ര ഒഴിവുകളുണ്ടെന്നും എത്ര തസ്തികകൾ നിർത്തലാക്കിയെന്നതടക്കമുള്ള വിവരങ്ങൾ കൃത്യമായും വേഗത്തിലും കണ്ടെത്താൻ കഴിയും വിധം സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകളും ജീവനക്കാരുടെ സമ്പൂർണ്ണ വിവരങ്ങളടങ്ങിയ ഡേറ്റ ബേസ് സമയബന്ധിതമായി തയ്യാറാക്കുന്നതിനും അത് അപ്ഡേറ്റ് ചെയ്യുന്നതിനും ആവശ്യമായ പ്രോഗ്രാം തയ്യാറാക്കി നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇതിനായി എല്ലാ വകുപ്പദ്ധ്യക്ഷന്മാരും ആവശ്യമായ നിർദ്ദേശങ്ങൾ താഴെത്തലങ്ങളിലേക്ക് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

17) ഇപ്പോൾ നടത്തിവരുന്ന പി.എസ്.സി റിക്രൂട്ട്മെന്റ് രീതി പരിഷ്ക്കരിക്കണമെന്ന ജി.എ.ഡി സെക്രട്ടറിയുടെ നിർദ്ദേശം സമിതി പരിഗണിച്ചു. അതനുസരിച്ച് യു.പി.എസ്.സി നടത്തുന്നതുപോലെ രണ്ടു വർഷത്തിനുശേഷം ഉണ്ടാകാനിടയുള്ള ഒഴിവുകൾ മുൻകൂട്ടി കണ്ടെത്തി റിപ്പോർട്ട് ചെയ്ത് ടെസ്റ്റും, ഇന്റർവ്യൂവും നടത്തി ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കുകയും ആ ബാച്ചിന് ട്രെയിനിംഗ് നൽകുകയും ചെയ്യുന്നത് ഏറെ അഭികാമ്യമായ കാര്യമാണ്. രണ്ടു വർഷത്തിനുശേഷം ഉണ്ടാകാനിടയുള്ള ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ടു ചെയ്തു കഴിഞ്ഞാൽ യഥാർത്ഥത്തിൽ ഒഴിവുകൾ വരുമ്പോഴേക്കും ടെസ്റ്റും, ഇന്റർവ്യൂവും കഴിഞ്ഞ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കഴിയും. ആകയാൽ പി.എസ്.സിയുടെ റിക്രൂട്ട്മെന്റ് നടപടിക്രമങ്ങൾ മേൽ മാതൃകയിൽ പരിഷ്ക്കരിക്കാൻ ആവശ്യമായ ശുപാർശ നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.